# കേരള സർവകലാശാല

നം. പി.ആർ.010/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

കേരള സർവകലാശാല ഡയറിയിൽ മന്ത്രിമാരുടെ പേരുകൾ ക്രമം തെറ്റിയാണ് അച്ചടിച്ചത് എന്ന രീതിയിൽ ചില പത്രമാധ്യമങ്ങളിൽ വന്ന വാർത്തകൾക്ക് പിന്നിൽ സർവകലാശാലയുടെ പ്രതിഛായ നശിപ്പിക്കാൻ ആഗ്രഹിക്കുന്ന നിക്ഷിത താൽപര്യക്കാരാണ് എന്ന് പറയേണ്ടിയിരിക്കുന്നു. മന്ത്രിസഭയെക്കുറിച്ചുള്ള വിവരങ്ങൾ സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള അതേപടിയാണ് സർവകലാശാല ഡയറിയിൽ ചേർത്തിരിക്കുന്നത്. സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിലുള്ള വിവരങ്ങൾ കേരള സർവകലാശാല തിരുത്തുന്നത് ഉചിതമല്ല. സമയബന്ധിതമായി പുതുക്കുന്ന വെബ്സൈറ്റിൽ എറ്റവും അവസാനം സത്യപ്രതിഞ്ഞ ചെയ്ത വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ.എം.എം. മണിയുടെ വരെ വിവരങ്ങൾ ഉൾപ്പെടുത്തി എന്ന് ഉറപ്പ് വരുത്തിയ ശേഷമാണ് ഡയറിയിൽ ചേർക്കാൻ നൽകിയത്. സർവകലാശാല നൽകുന്ന പല പത്രക്കുറിപ്പുകളും പ്രസിദ്ധീകരിക്കാതിരിക്കുകയും എന്നാൽ ഇത്തരത്തിൽ വാർത്തകൾ സൃഷ്ടിച്ച് സർവകലാശാലയെ കരിവാരി തേയ്ക്കുകയും ചെയ്യുന്ന നടപടി മാധ്യമ ധർമ്മത്തിന് യോജിച്ചതാണോ എന്ന് ഈ പത്ര സ്ഥാപനങ്ങൾ പരിശോധിക്കേണ്ടതാണ്.

തിരുവനന്തപുരം.
15.01.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098